പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ : 5256 | 24.10.2011-ൽ<br>മറുപടിയ്ക്കു് |

## ശബരിമല തീർത്ഥാടനത്തിലെ ഇടത്താവളങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. വി.എസ്.ശിവകുമാർ,<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |

| | |
|---|---|
| (എ) ശബരിമലയുടെ തീർത്ഥാടനത്തിന് ഇടത്താവളങ്ങളായി ഏതെല്ലാം ക്ഷേത്രങ്ങളെ യാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) ഒ.റ്റി.സി. ഹനുമാൻ ക്ഷേത്രം, പി.ഡി. മണികണ്ഠേശ്വരം ക്ഷേത്രം, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തുപ്പുഴ, പതിയിടം, ശാസ്താംകോട്ട, പടനായർ കുളങ്ങര, അമ്പലപ്പുഴ, തകഴി, മുല്ലയ്ക്കൽ, ഹരിപ്പാട്, ചെങ്ങന്നൂർ, ഓമല്ലൂർ, പന്തളം വലിയകോയിക്കൽ, റാന്നി പെരുനാട്, ഉഴവത്ത് വടശ്ശേരിക്കര മഹാവിഷ്ണു ക്ഷേത്രം, അയിരൂർ പുതിയകാവ്, തിരുനക്കര, തളിയിൽ, ഏറ്റുമാനൂർ, വൈക്കം, ഉദയംപേരൂർ, തുറവൂർ, കീഴില്ലം, പെരുമ്പാവൂർ, അറക്കമെഴള, ആലുവ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, മുണ്ടക്കയം, പീരുമേട്, വണ്ടിപെരിയാർ സത്രം കൂടാതെ പാലാ കടപ്പാട്ടൂർ ശിവക്ഷേത്രവും ഇടത്താ വളമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) തിരുവിതാംകൂർ ദേവസ്വത്തിന്റേതല്ലാത്ത ഏതെങ്കിലും ക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; | (ബി) ഉണ്ട്. കടപ്പാട്ടൂർ ശിവക്ഷേത്രം, പാല. |
| (സി) എന്തെല്ലാമാണ് മാനദണ്ഡങ്ങൾ; | (സി) ശബരിമല തീർത്ഥാടന കാലത്ത് അയ്യപ്പ ഭക്തൻമാർ കൂടുതലായി സന്ദർശിക്കുകയും വിശ്രമിക്കുകയും ചെയ്യുന്ന അമ്പലങ്ങളെ മറ്റ് സൗകര്യങ്ങളെല്ലാം ഉണ്ടെങ്കിൽ ശബരിമല ഇടത്താവളമായി പ്രഖ്യാപിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ക്ഷേത്രങ്ങളിൽ ഏതെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിവരുന്നത്; | (ഡി) & (ഇ) | അയ്യപ്പ ഭക്തൻമാർക്ക് വിരിവയ്ക്കുന്നതിനും, കുടി വെള്ളം, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതി നുമുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയി ട്ടുണ്ട്. |
| (ഇ) | മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർ പ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | |
| (എഫ്) | കൂടുതൽ ക്ഷേത്രങ്ങളെ ഇടത്താ വളങ്ങളായി പ്രഖ്യാപിക്കുമോ? | (എഫ്) | തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള കൂടുതൽ ക്ഷേത്രങ്ങളെ ഇടത്താവള ങ്ങളാക്കി പ്രഖ്യാപിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ